സർക്കാർ ജീവനക്കാർക്ക് ആരോഗ്യവകുപ്പ് നൽകിവരുന്ന ആനുകൂല്യങ്ങൾ

113 [1292] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്ക് ആരോഗ്യവകുപ്പ് എന്തൊക്കെ മെഡിക്കൽ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്?

ഉത്തരം

സർക്കാർ ജീവനക്കാർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നുണ്ട്:

1. എല്ലാ സർക്കാർ ജീവനക്കാർക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിൽസ.

2. സംസ്ഥാന സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഹൃദയശസ്ത്രക്രിയ, കിഡ്നി മാറ്റിവയ്ക്കൽ ഇവ നടത്തുന്നതിനും, ല്യൂക്കേമിയ, വിദഗ്ദ്ധ കമ്മിറ്റി ശുപാർശ ചെയ്യുന്ന മറ്റ് അസുഖങ്ങൾ എന്നിവയ്ക്ക് ചികിൽസിക്കുന്നതിനും 25,000 രൂപയുടെ പലിശരഹിത വായ്പ.

3. സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിൽസയ്ക്കു ചെലവായ തുക മടക്കി നൽകൽ.

4. വിദഗ്ദ്ധ ചികിൽസയ്ക്ക് അന്യസംസ്ഥാനങ്ങളിലും വിദേശത്തും മുൻകൂർ അനുമതിയോടെ ചികിൽസയ്ക്കു വിധേയരാകുന്ന സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിൽസയ്ക്കു ചെലവായ പണം മടക്കി നൽകൽ.

ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

114 [1293] ശ്രീ. വി. വി. രാഘവൻ:
,, ഇ. രാജേന്ദ്രൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
,, എൻ. രാജൻ:
,, സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ജീവനക്കാരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളെയാണ് ചർച്ചകൾക്കായി ക്ഷണിച്ചിരുന്നത്;

(സി) ഏതെല്ലാം സംഘടനകൾ വിവിധ അവസരങ്ങളിൽ നടന്ന ചർച്ചകളിൽ പങ്കെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly